**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 88** **23-08-2022 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സിൽവർ ലൈൻ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ എല്ലാ അനുമതികളും കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സിൽവർലൈൻ പദ്ധതിക്ക് നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. തത്വത്തിൽ അംഗീകാരം കിട്ടിയ പദ്ധതികൾക്ക് പ്രാഥമിക ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടങ്ങുവാൻ സാധിക്കുമെന്ന് കേന്ദ്ര ധനകാര്യ മന്ത്രാലയം വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ, മറ്റ് ക്ലിയറൻസുകൾ എന്നിവ വേഗത്തിലാക്കുന്നതിന് ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയുടെ കത്തും ലഭിച്ചിരുന്നു. ഇതനുസരിച്ച് സാമൂഹ്യ ആഘാത പഠനം ഉൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.<br><br>ജൈക്ക, എ.ഡി.ബി എ.ഐ.ഐ.ബി കെ.എഫ്.ഡബ്ല്യു എന്നീ സ്ഥാപനങ്ങൾ വഴി 33700 കോടി രൂപ സമാഹരിക്കുന്നതിനായുള്ള പുതുക്കിയ പ്രൊപ്പോസൽ കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന് സമർപ്പിക്കുകയും റെയിൽവേ ബോർഡ്, ധനകാര്യം (എക്സ്പെൻടിച്ചർ), നീതി ആയോഗ് എന്നീ കേന്ദ്ര സർക്കാർ വകുപ്പുകൾ ഇതിനോടകം തന്നെ കേന്ദ്ര സാമ്പത്തിക കാര്യ മന്ത്രാലയത്തിനു പദ്ധതി ശുപാർശ ചെയ്യുകയും ചെയ്തു. ധനസഹായം സുഗമമാക്കുന്ന പാക്കേജുകളുടെ രൂപകല്പനയ്ക്ക് അന്തിമരൂപം നൽകാനും അതോടൊപ്പം ഭൂമി ഏറ്റെടുക്കലും മറ്റ് ക്ലിയറൻസുകളും എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാനും പദ്ധതി നടപ്പാക്കൽ ഏജൻസി (പി.ഐ.എ) മുന്നോട്ടുപോകണമെന്ന് ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ മന്ത്രി ശ്രീമതി. നിർമ്മലാ സീതാരാമൻ കേരള സർക്കാരിനെ അറിയിക്കുകയുണ്ടായി.<br><br>പദ്ധതിക്ക് അന്തിമാനുമതി വേഗത്തിലാക്കുന്നതിനു സർക്കാർ തലത്തിൽ റെയിൽവേ ബോർഡ് ചെയർമാനുമായി യോഗം ചേരുകയും റെയിൽവേ |

| | | | |
|---|---|---|---|
| | | | മന്ത്രിക്കു കത്തയക്കുകയും, നേരിട്ടു കൂടിക്കാഴ്ച നടത്തുകയും ചെയ്തിരുന്നു. ഇതു കൂടാതെ സിൽവർ ലൈൻ പദ്ധതിയെക്കുറിച്ച് ഒരു മെമ്മോറാണ്ടം ബഹു.പ്രധാനമന്ത്രി മുമ്പാകെ 24.03.2022 ന് നേരിട്ട് കൈമാറിയിരുന്നു. ബഹു. പ്രധാനമന്ത്രിയുമായുള്ള ഈ കൂടിക്കാഴ്ചയിൽ സിൽവർലൈൻ പദ്ധതിയുടെ വിവിധ വശങ്ങൾ വിശദമായി ചർച്ച ചെയ്തു. കേരളത്തിന്റെ പുരോഗതിയെ സംബന്ധിച്ചെടുത്തോളം പദ്ധതി എത്രമാത്രം അനിവാര്യമാണെന്ന് വിശദീകരിച്ചു. സിൽവർലൈൻ പദ്ധതിക്ക് അന്തിമാനുമതി ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ അനുമതികൾ നാളിതുവരെ ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിക്കുവാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | പദ്ധതിയുടെ നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. പദ്ധതി റെയിൽവേ ബോർഡ് അംഗീകരിച്ചാലുടൻ തന്നെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാൻ കഴിയും. |
| (സി) | സംസ്ഥാന സർക്കാർ പ്രസ്തുത നിലപാടിൽ ഉറച്ചുനിൽക്കുന്നുണ്ടോ; എങ്കിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) | പദ്ധതിക്ക് അനുമതി വേഗത്തിലാക്കുന്നതിനു സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി വിവിധ രീതിയിൽ ബന്ധപ്പെട്ടു വരുന്നു. റെയിൽവേയിൽ നിന്നും അംഗികാരം ലഭിച്ചതിനു ശേഷം 5 വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കുവാനായി 5 റീച്ചുകളായി കരാർ നടപടികളുമായി മുൻപോട്ടു പോകുവാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി നടത്തിപ്പിലുള്ള വേഗത, കാര്യക്ഷമത, ഗുണനിലവാരം എന്നിവ ഉറപ്പു വരുത്തുന്നതിനു എൻജിനിയറിംഗ് പ്രൊക്യുർമെന്റ് കൺസ്ട്രക്ഷൻ (ഇ.പി.സി) തരത്തിലാണ് കരാറുകൾ നൽകുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ